മേൽപ്പറഞ്ഞത് കൂടാതെ രണ്ട് സ്റ്റേഷൻ ഓഫീസർ തസ്തിക അപ്ഗ്രേഡ് ചെയ്ത് രണ്ട് അസിസ്റ്റന്റ് ഡിവിഷണൽ ഓഫീസർ തസ്തികകളും ഒരു ഡെപ്യൂട്ടി ഡയറക്ടർ (ഭരണം) തസ്തിക അപ്ഗ്രേഡ് ചെയ്ത് ഒരു ഡയറക്ടർ (അഡ്മിനിസ്ട്രേഷൻ) തസ്തികയും 20 ക്ലാർക്ക് തസ്തിക, 13 ജൂനിയർ സൂപ്രണ്ട്, 4 ഹെഡ് ക്ലാർക്ക് തസ്തികകളായി അപ്ഗ്രേഡ് ചെയ്യുകയും 3 എൽ.ഡി. ടൈപ്പിസ്റ്റ് തസ്തിക പുതുതായി സൃഷ്ടിക്കുകയും ചെയ്തു.

(ഡി) സ്വന്തമായി സ്ഥലവും കെട്ടിടവും ഒരുക്കിത്തരുന്ന സ്ഥലങ്ങളിൽ പുതിയ ഫയർ സ്റ്റേഷനുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. ഫയർ ആന്റ് റെസ്ക്യൂ വകുപ്പിന്റെ നവീകരണത്തിന്റെ ഭാഗമായി 2015-16 സാമ്പത്തിക വർഷത്തിൽ ആധുനിക വാഹനങ്ങളും ഉപകരണങ്ങളും വാങ്ങുന്നതിനായി 27.28 കോടി രൂപയ്ക്ക് ഭരണാനുമതി ഉത്തരവ് നൽകിയിട്ടുണ്ട്. കൂടാതെ അഗ്നിശമന സേനാംഗങ്ങളുടെ സുരക്ഷയ്ക്കും അപകടത്തിൽപ്പെടുന്നവരെ രക്ഷപ്പെടുത്തുന്നതിനും ഉതകുന്ന ആധുനിക ഉപകരണങ്ങൾ വാങ്ങുന്നതിലേക്ക് അടിയന്തര സഹായമായി 175.63 കോടി രൂപ അനുവദിക്കുന്നതിനുള്ള ശുപാർശ സർക്കാർ പരിശോധിച്ചുവരുന്നു. ഗതാഗതക്കുരുക്കുമൂലം അപകട സ്ഥലങ്ങളിലെത്താൻ കാലതാമസം വരുന്നുവെന്ന വസ്തുത പരിഗണിച്ച്, അപകട സ്ഥലത്ത് ഏറ്റവും കുറഞ്ഞ സമയത്തിനുള്ളിൽ എത്തിച്ചേരുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുന്നതിന്റെ ഭാഗമായി തിരുവനന്തപുരം, കൊല്ലം, കൊച്ചി, തൃശ്ശൂർ, കോഴിക്കോട് എന്നീ കോർപ്പറേഷനുകളിൽ സാറ്റലൈറ്റ് ഫയർ ഔട്ട്പോസ്റ്റുകൾ സ്ഥാപിക്കുന്നതിനുള്ള സ്ഥലങ്ങൾ കണ്ടെത്തിയിട്ടുണ്ട്. നവീകരണത്തിന്റെ ഭാഗമായി കൂടുതൽ അഗ്നിശമന ഉപകരണങ്ങളും ആധുനിക വാഹനങ്ങളും വാങ്ങുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. ആധുനികവത്ക്കരണ പ്രവർത്തനത്തിന്റെ ഭാഗമായി ഇ-ഗവേണൻസ് നടപ്പിലാക്കുന്നതുവഴി ബഹുനില കെട്ടിടങ്ങൾക്ക് നിരാക്ഷേപ സാക്ഷ്യപത്രം ലഭിക്കുന്നതിനുള്ള അപേക്ഷ ഓൺലൈൻ മുഖാന്തിരം സമർപ്പിക്കാൻ പര്യാപ്തമാക്കാനുള്ള നടപടി സ്വീകരിച്ചുവരുന്നു, അഗ്നിശമന സേനാംഗങ്ങൾക്ക് സ്വയം രക്ഷയ്ക്കുള്ള ഉപകരണങ്ങൾ ലഭ്യമാക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്.

കടയ്ക്കൽ അഗ്നിരക്ഷാ നിലയത്തിന് പുതിയ മന്ദിരം

161(5750) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യത്തിന് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കടയ്ക്കൽ അഗ്നിരക്ഷാ നിലയത്തിനു പുതിയ മന്ദിരം നിർമ്മിക്കുന്നതിന് തയ്യാറാക്കിയിട്ടുള്ള എസ്റ്റിമേറ്റിന് ഭരണാനുമതി നൽകുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

കടയ്ക്കൽ അഗ്നിരക്ഷാ നിലയത്തിന് പുതിയ മന്ദിരം നിർമ്മിക്കുന്നതിനുവേണ്ടി സമർപ്പിച്ചിട്ടുള്ള എസ്റ്റിമേറ്റ് സർക്കാർ പരിശോധിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly